# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4289 17.05.2017 ൽ മറുപടിയ്ക്ക്

## കഴക്കൂട്ടത്ത് പട്ടികജാതി യുവാവിനെ പോലീസ് മർദ്ദിച്ചെന്ന പരാതി

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ

(എ) കഴക്കൂട്ടം കരിച്ചാറ അപ്പോളോ കോളനിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട അരുണിനെ കഴക്കൂട്ടം എസ്.ഐയും പോലീസുകാരും ചേർന്ന് മർദ്ദിച്ച് ചെവിയുടെ കേഴ്വി ശക്തി നഷ്ടപ്പെടുത്തിയെന്ന പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) അയ്യപ്പൻ മകൻ അരുൺ നൽകിയ പരാതിയിൽ അന്വേഷണം നടത്തിയതിൽ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ ഒരു പെൺകുട്ടിയെ കാണാനില്ലെന്ന പരാതിയെ തുടർന്ന് പ്രസ്തുത അരുണിനോട് വിവരം ചോദിക്കുന്നതിലേയ്ക്കായി സ്റ്റേഷനിൽ കൊണ്ടുവരുകയും പോലീസിന്റെ ചോദ്യങ്ങളോട് സഹകരിക്കാതെ പ്രകോപനപരമായി സംസാരിക്കുകയും പോലീസിനെ വെല്ലുവിളിക്കുകയും അക്രമസ്വഭാവം പ്രകടിപ്പിക്കുകയും ചെയ്ത അരുണിനെ മെഡിക്കൽ പരിശോധന നടത്തി പോലീസ് സ്റ്റേഷനിൽ ഹാജരാക്കുകയും പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്ക് ശല്യമുണ്ടാകുന്ന രീതിയിൽ കലഹസ്വഭാവിയായി ഉച്ചത്തിൽ സംസാരിച്ചും മോശമായി പെരുമാറിയതിനും കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 544/17 u/s 118(a) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. തുടർന്ന് ഈ സംഭവത്തിലേയ്ക്ക് രേഖപ്പെടുത്തിയിട്ടുള്ള മൊഴികളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ അരുണിനെ പോലീസ് മർദ്ദിച്ചതായ വിവരങ്ങളൊന്നും കണ്ടെത്തിയിട്ടില്ല. ആയതിനാൽ ഈ പരാതിയിന്മേൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| (ബി) പോലീസ് സ്റ്റേഷനിൽ മൂന്നാം മുറ അനുവദിക്കില്ല എന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ബി) പോലീസ് സ്റ്റേഷനിൽ മൂന്നാംമുറ അനുവദിച്ചിട്ടില്ല. ഇത്തരം പ്രവർത്തനങ്ങൾ പോലീസ് സ്റ്റേഷനിൽ നടത്തിയാൽ കുറ്റക്കാർക്കെതിരെ കർശന നിയമ/വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.